## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1633      01.11.2019-ൽ മറുപടിയ്ക്ക്

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ രാജൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ.എൽദോ എബ്രഹാം | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കുന്ന തരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളിൽ ഉണർവ് സൃഷ്ടിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ തുടക്കത്തിൽ ആസൂത്രണ നടപടിക്രമങ്ങൾ ലളിതമാക്കി പദ്ധതി രൂപീകരണ മാർഗ്ഗരേഖ സമഗ്രമായി പരിഷ്കരിക്കുകയും കാലേക്കൂട്ടിത്തന്നെ ഉത്തരവുകളായി പുറപ്പെടുവിക്കുകയും, നഗരഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിന് പ്രത്യേക മാർഗ്ഗരേഖ നൽകുകയും ചെയ്തു. തുടർന്ന് ഇത് സംബന്ധിച്ച് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനവും നൽകി. |
| (ബി) | സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ ആസൂത്രണ പ്രക്രിയ പൂർത്തീകരിച്ച് പന്ത്രണ്ട് മാസവും നിർവ്വഹണത്തിനായി പ്രയോജനപ്പെടുത്തുന്ന തരത്തിൽ ക്രമീകരണം നടത്തുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ വികസന പദ്ധതികൾ തയ്യാറാക്കി 12 മാസവും നിർവ്വഹണത്തിന് ലഭിക്കുന്ന സമ്പ്രദായത്തിലേക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ 2018-19 മുതൽ മാറിയിട്ടുണ്ട്. അടുത്ത വാർഷിക പദ്ധതി (2020-21) തയ്യാറാക്കുന്ന പ്രക്രിയ വരുന്ന ഡിസംബർ- ജനുവരി മാസങ്ങളിലായി പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ആസൂത്രണ പ്രക്രിയയിൽ ഈ സർക്കാർ കൊണ്ടുവന്ന മാറ്റങ്ങളും ആയതിന്റെ സവിശേഷതകളും | (സി) | 1. ആസൂത്രണ നടപടിക്രമങ്ങൾ ലളിതവും കാര്യക്ഷമവും സമയബന്ധിതവുമാക്കി. |

| | | | |
|---|---|---|---|
| | വിശദമാക്കുമോ; | | 2. നിർവ്വഹണത്തിന് 12 മാസം സമയം ലഭിക്കുന്നു.<br>3. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുന്നു.<br>4. പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് കൂടുതൽ സ്വാതന്ത്ര്യം.<br>5. നൂതനപ്രോജക്ടുകൾക്ക് പ്രത്യേക മാർഗ്ഗരേഖ.<br>6. ജില്ലാ പദ്ധതികൾ തയ്യാറാക്കി. |
| (ഡി) | തുടർച്ചയായി രണ്ട് വർഷം സമാനതകളില്ലാത്ത പ്രളയം നേരിട്ടത് പദ്ധതി പ്രവർത്തനങ്ങളെ ഏതൊക്കെ വിധത്തിൽ ദോഷകരമായി ബാധിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് ഉണ്ടായ പ്രളയം കാരണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ കുറച്ച് സമയനഷ്ടം ഉണ്ടായി. പല പദ്ധതികളും ഭേദഗതി ചെയ്യേണ്ടി വരുകയും പ്രതികൂല കാലാവസ്ഥ പദ്ധതി നിർവ്വഹണത്തെ തടസ്സപ്പെടുത്തുകയും ചെയ്തു. എങ്കിലും പദ്ധതി രൂപീകരണവും അംഗീകാരവും നേരത്തെത്തന്നെ പൂർത്തിയാക്കിയതു കൊണ്ട് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19 വർഷത്തെ പദ്ധതിചെലവ് മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലായിരുന്നു. ഈ സാമ്പത്തിക വർഷവും ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ